LIBRARY ARCHIVES Kerala Legislative Assembly

കട്ടനാട് പാക്കേജ് പ്രകാരമുള്ള പദ്ധതികൾ

156 (4442) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനു സമയ പരിധി നീട്ടി നൽകിയതിലൂടെ എത്ര കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ഇനി നടപ്പാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ പദ്ധതികൾ ഇതുവരെ ജലവിഭവ വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതികൾ നേരത്തെ ഉണ്ടായിരുന്ന സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കിയിരുന്നോ എന്നും പൂർത്തിയാക്കിയെങ്കിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തിയാക്കിയതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കുട്ടനാട് പാക്കേജ് - ജല വിഭവ വകുപ്പ് വഴി 624.123 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ഇനി നടപ്പാക്കാനുള്ളത്.

(ബി) കുട്ടനാട് പാക്കേജ് വഴി 185.83 കോടി രൂപയുടെ പദ്ധതികൾ ജല വിഭവ വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ചില സാങ്കേതിക കാരണങ്ങളാൽ ഒരു പദ്ധതിയും സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല.

അയിരൂരിലെ നിർദ്ദിഷ്ട ഐ.എച്ച്.ആർ.ഡി. കോളേജിനായി പി.ഐ.പി. യുടെ ഭൂമി കൈമാറാൻ നടപടി

157 (4443) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിരൂരിലെ നിർദ്ദിഷ്ട ഐ എച്ച്. ആർ.ഡി. കോളജിനായി പി.ഐ.പി.-യുടെ അയിരൂരിലെ ഭൂമി കൈമാറണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. എന്നാണ് ജലവിഭവ മന്ത്രിക്ക് കത്തു നൽകിയത്; എത്ര ഭൂമി കൈമാറണമെന്നാണാവശ്യപ്പെട്ടത് ;

(ബി) ഈ ഭൂമി കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ; ഭൂമി കൈമാറ്റത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(സി) ഈ ഭൂമി ഐ.എച്ച്.ആർ.ഡി.-ക്ക് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത് ; ഭൂമി കൈമാറ്റ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 6-7-2012-ൽ ആണ് ശ്രീ. രാജു എബ്രഹാം എം.എൽ.എ. അയിരൂരിലെ പി.ഐ.പി. വക അരയേക്കർ സ്ഥലം ഐ.എച്ച്.ആർ.ഡി. കോളേജിനുവേണ്ടി കൈമാറണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയത്.

(ബി & സി) വിഷയം പരിശോധിച്ച് ജലസേചന വകുപ്പിലെ പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിൽ റവന്യൂ വകുപ്പ് തുടർനടപടികൾ സ്വീകരിച്ച് വരികയാണ്.

പാമ്പാർ, ഭവാനി നദികളിൽ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതി

158 (T*4444) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാർ, ഭവാനി നദികളിൽ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് സർക്കാർ തത്വം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ നിലവിലത്തെ സ്ഥിതി എന്താണ്;

(സി) ഈ പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) പാമ്പാർ നദിയുടെ പോഷകനദിയായ ചെങ്ങളാറിൽ പട്ടിശ്ശേരിയിൽ നിലവിലുള്ള തടയണ പുതുക്കിപ്പണിത് ഒരു അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്കും ഭവാനി ബേസിനിൽ നിലവിലുള്ള വനം-പരിസ്ഥിതി നിയമങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഒരു അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്കും തത്വം നൽകിയിട്ടുണ്ട്.

(ബി) പാമ്പാർ നദിയുടെ പോഷകനദിയായ ചെങ്ങളാറിൽ പട്ടിശ്ശേരിയിൽ നിലവിലുള്ള തടയണ പുതുക്കിപ്പണിത് ഒരു അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly